(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി കൂടി നടപ്പിലാക്കിയതുമൂലം കൃഷി അനുബന്ധ മേഖലകളിൽ ഉൽപാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെല്ലുൽപ്പാദനത്തിൽ 1.15 ലക്ഷം ടണ്ണിന്റെ അധിക ഉൽപ്പാദനവും, 2006-07-ൽ 2437 കിലോഗ്രാം ഹെക്ടർ ഉൽപാദനക്ഷമത ഉണ്ടായിരുന്നത് 2009-10-ൽ 3030 കിലോഗ്രാം/ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. തെങ്ങിന്റെ ഉൽപാദനക്ഷമത 2007-08-ൽ 6889 തേങ്ങ/ഹെക്ടറായിരുന്നത് 2009/10-ൽ 8000 തേങ്ങ/ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. പച്ചക്കറി ഉൽപാദനം 2009-10-ൽ 1 ലക്ഷം ടൺ അധികം ഉൽപാദനം രേഖപ്പെടുത്തിയിട്ടുണ്ട്. മൃഗ സംരക്ഷണ മത്സ്യബന്ധന മേഖലകൾ, ഡയറി എന്നിവയിൽ ഉണ്ടായ വർദ്ധനവ് ചുവടെ കുറിക്കുന്നു.

പാൽ ഉൽപാദനം

2006-07	2009-10
21.08 ലക്ഷം ടൺ	25.45 ലക്ഷം ടൺ

മുട്ട ഉൽപാദനം

2006-07	2009-10
119 കോടി	160 കോടി

മത്സ്യബന്ധന മേഖലകളിൽ 45% വർദ്ധനവ് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായിട്ടുണ്ട്.

(ഡി&ഇ) 238.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഊർജ്ജ സ്വലതയോടെയാണ് നടപ്പിലാക്കി വരുന്നത്.

രാഷ്ട്രീയ വികാസ് യോജന

159(2414) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം കൊല്ലം ജില്ലയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ തന്നാണ്ടിൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് ഈ വർഷം എത്ര പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ആയതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു ; അത് ഏതൊക്കെയെന്നും അറിയിക്കുമോ ;

(ഡി) ഇത്തിക്കര ബ്ലോക്കിൽ ഈ വർഷം ഏതെങ്കിലും പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണ് ; പ്രവർത്തന പുരോഗതി അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം അനുവദിച്ച 2,31,67,052 രൂപയിൽ 1,53,27,460 രൂപ ചെലവഴിച്ചു. ബാക്കിയുള്ള തുക ഈ വർഷം തന്നെ ചെലവഴിക്കുന്നതാണ്.

(ബി) ഈ വർഷം 16 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ഈ വർഷത്തെ പ്രോജക്ട് അംഗീകരിക്കുന്നതിനായിട്ടുള്ള സംസ്ഥാനതല കമ്മിറ്റി മാർച്ച് മാസത്തിൽ കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനതല കമ്മിറ്റി കൂടിയതിനുശേഷമേ അംഗീകാരം നൽകുന്നതിനായി പരിഗണിക്കുകയുള്ളൂ.

കാർഷികോൽപ്പന്നങ്ങളുടെ വിലസ്ഥിരത നിലനിർത്താൻ നടപടി

160(2415) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരത നിലനിറുത്താൻ കൃഷിവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി ശേഖരിക്കുന്നതിന് ഏതെല്ലാം സർക്കാർ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഉല്പന്നങ്ങൾ ശേഖരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനും സ്റ്റോറേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി ഈ ഏജൻസികൾക്ക് സഹായം നൽകുമോ ?

ഉത്തരം

(എ&ബി) കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരത നിലനിർത്തുവാൻ കൃഷി വകുപ്പ് താഴെ കാണിച്ചിട്ടുള്ള ഇടപെടലുകൾ നടപ്പിലാക്കിവരുന്നു.

1. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾ കൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തുവാനുള്ള പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകാർ ആക്കി ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അവരുടെ ഉല്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം ചെയ്യുന്നു. പ്രസ്തുത ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്താതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പും ലേലങ്ങളിൽ പങ്ക് ചേരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly